# ഇതിലേ നടന്നവർ

ഇതിലേ നടന്നവർ,
ഈ മണൽത്തരികളിൽ
മറയാത്ത പദമുദ്ര
വീഴ്ത്തിയീവഴികളി–
ലൂടെ നടന്നവർ,
തനിയേ നടന്നവർ

തപ്തമീമണ്ണിൻെറ
പൊള്ളുന്ന ദുഃഖങ്ങൾ
സ്വന്തമാത്മാവിലേയ്
ക്കൊപ്പിയെടുത്തവർ

തിരയുള്ള, ചുഴിയുള്ള
കടലിൻെറ നടുവിലൂ–
ടൊരു നീലരാത്രിയിൽ
എതിരേ തുഴഞ്ഞവർ

അലിവിൻെറ നനവുള്ള
വിരൽമുദ്ര ചാർത്തിയീ
വഴികളിലിന്നലെ
യെങ്ങോ മറഞ്ഞവർ

ഒരു നാദധാരയിൽ,
സ്വരരാഗ ഗംഗയിൽ
ഒരു നേർത്ത ലയമാ
യലിഞ്ഞങ്ങു ചേർന്നവർ

അവർ പണ്ടു പാടിയ
പഴയ ഗാനങ്ങളെ
പുതിയൊരീണങ്ങളിൽ
തുടരുന്നതെങ്ങിനെ?
അറിയാതെ ഞാനിരിക്കുന്നു.

അവരാണു തന്നതെ
ന്നോർമ്മകൾക്കീമഴ –
വില്ലെന്നു ഞാനറിഞ്ഞില്ല.

അവരാണു തന്നതെൻ
കൈകളിലീമുള –
ന്തണ്ടെന്നു ഞാനറിഞ്ഞില്ല.

അവരാണു തന്നതെൻ
കരളിനീത്തീക്കനൽ
അതു ഞാനറിഞ്ഞതേയില്ല.

അവരിന്നുമെരിയുന്നു
തിരിനാളമായുള്ളിൽ
അതു മാത്രമാണു ഞാനറിവൂ–
അതു മാത്രം... അതുമാത്രം... അറിവൂ. •